(എ) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ജില്ലയിൽ ഇതിനായി ചെലവഴിക്കപ്പെട്ട ഇക പദ്ധതി അടിസ്ഥാനത്തിൽ വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഏർപ്പെടുത്തുന്നതിന് പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആലപ്പുഴ ജില്ലയിലെ വിശദാംശം നൽകാമോ ?

ഉത്തരം

(എ-സി) അനുബന്ധം I, II, III-ആയി ചേർക്കുന്നു.*

ആരോഗ്യവകുപ്പിലെ ആശ്രിത നിയമനം

23 (4826) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഗേഷ് .സി.ആർ , S/o. Late R.ചന്ദ്രൻ എന്ന വ്യക്തിക്ക് 17-6-2013-ലെ G.O.(Ms) No.251 / 2013 / H&FWD നമ്പർ പ്രകാരം ഉത്തരവുനൽകി എങ്കിലും ഇതുവരെ ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനംവഴി ജോലി ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകുവാൻ ഒഴിവില്ലാത്തതിനാൽ ശ്രീ. രാഗേഷ് സി. ആർ.-ന് നിയമനം നൽകുവാൻ കഴിഞ്ഞില്ല. ക്ലർക്കിന്റെ ഒഴിവുകൾ വരുന്നമുറയ്ക്ക്, ടിയാന്റെ സീനിയോറിറ്റി പ്രകാരം ആശ്രിത നിയമ വ്യവസ്ഥയിൽ ജോലി നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly